(ബി) കണ്ണൂർ ജില്ലയിൽ എവിടെയൊക്കെയാണ് ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

കണ്ണൂർ ജില്ലയിലെ ചാർജ്ജിംഗ് സ്റ്റേഷനുകൾ - നിർമ്മാണം പൂർത്തിയായവ - 110 കെ.വി സബ്സ്റ്റേഷൻ, ചൊവ്വ

നിർമ്മാണം പുരോഗമിക്കുന്നവ- 1. കണ്ണൂർ എയർപോർട്ട്

2. 33 കെ.വി സബ്സ്റ്റേഷൻ, കണ്ണൂർ.

ടെണ്ടർ നടപടി പുരോഗമിക്കുന്നവ - വളപ്പട്ടണം സെക്ഷൻ ഓഫീസ്

അക്ഷയോർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കൽ

173(443) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുജനങ്ങൾക്കും വിവിധ സ്ഥാപനങ്ങൾക്കും അനുയോജ്യമായ അക്ഷയോർജ്ജ ഉപകരണങ്ങൾ തെരഞ്ഞെടുക്കാനും അവ സ്ഥാപിക്കാനും അവയുടെ പരിപാലനത്തിനും ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുവാൻ സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പൊതുജനങ്ങൾക്കും വിവിധ സ്ഥാപനങ്ങൾക്കും അനുയോജ്യമായ അക്ഷയോർജ്ജ ഉപകരണങ്ങൾ തെരഞ്ഞെടുക്കാനും അവ സ്ഥാപിക്കാനും അവയുടെ പരിപാലനത്തിനും ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്ത് എല്ലാ അസംബ്ലി നിയോജകമണ്ഡലത്തിലും ഓരോ അക്ഷയോർജ്ജ സേവന കേന്ദ്രം (ഊർജ്ജമിത്ര) അനെർട്ടിന്റെ മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്. അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ സ്ഥാപനത്തിനും പരിപാലനത്തിനും പരിശീലനം ലഭിച്ച അംഗീകൃത സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതിനും ജനങ്ങൾക്ക് ഗുണനിലവാരമുള്ള സേവനങ്ങളും സാങ്കേതിക അറിവും ലഭ്യമാക്കുന്നതിനും ഊർജ്ജമിത്ര കേന്ദ്രങ്ങൾ മുഖേന കഴിയുന്നതാണ്. ഗുണനിലവാരമുള്ള വിവിധ ഊർജ്ജ സംരക്ഷണ ഉപകരണങ്ങളുടെ വിതരണവും ഈ സേവന കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്നതാണ്. സംരംഭകരുടെ മുതൽമുടക്കിലാണ് സേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളത്. മൂന്നുവർഷം വിജയകരമായി സംരംഭം നടത്തുന്നവർക്ക് അനെർട്ട് താഴെപ്പറയുന്ന രീതിയിൽ ധനസഹായം ലഭ്യമാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

സംരംഭകരുടെ വിഭാഗം	അനെർട്ട് ധനസഹായം (രൂപ)	
	നഗരം	ഗ്രാമം
സാധാരണ വിഭാഗം	60,000	1,00,000
പ്രത്യേക വിഭാഗം (എസ്.സി/എസ്.റ്റി/ ഒ.ബി.സി/ ന്യൂനപക്ഷം/വനിതകൾ/വിമുക്ത ഭടന്മാർ/ഭിന്നശേഷിക്കാർ)	1,00,000	1,40,000

സംരംഭം ആരംഭിക്കുന്നത് നഗരസഭ അല്ലെങ്കിൽ മുനിസിപ്പാലിറ്റി പരിധിയിലാണെങ്കിൽ നഗരപ്രദേശത്തിന് അനുവദിക്കുന്ന നിരക്കിലുള്ള ധനസഹായവും സംരംഭം ഗ്രാമപഞ്ചായത്ത് പ്രദേശത്താണെങ്കിൽ ഗ്രാമപ്രദേശത്തിന് അനുവദിക്കുന്ന ധനസഹായവും ലഭിക്കുന്നതാണ്.

സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികൾ

174(444) ശ്രീ. പി. ടി. തോമസ്:
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 വർഷത്തോടെ ജലവൈദ്യുത പദ്ധതികളിൽനിന്നും 500 മെഗാവാട്ട് വൈദ്യുതി അധികമായി ഉത്പാദിപ്പിക്കുമെന്ന 2016-ലെ എൽ.ഡി.എഫ്. പ്രകടന പത്രികയിലെ വാഗ്ദാനം പൂർണ്ണമായ തോതിൽ പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ?

ഇല്ല

(ബി) 2016 മുതൽ 2021 വരെയുള്ള അഞ്ച് വർഷക്കാലയളവിൽ എത്ര മെഗാവാട്ടിന്റെ ജലവൈദ്യുത പദ്ധതികളാണ് സംസ്ഥാനത്ത് കമ്മീഷൻ ചെയ്തതെന്ന് അറിയിക്കുമോ?

2016 മുതൽ 2021 വരെയുള്ള അഞ്ച് വർഷക്കാലയളവിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ജലവൈദ്യുത പദ്ധതികളായ വെള്ളത്തൂവൽ (3.6 MW), പെരുന്തേനരുവി (6 MW), കക്കയം (3 MW) എന്നീ പദ്ധതികളെ പൂർത്തീകരിച്ച് ആകെ 12.6 MW വൈദ്യുതി ഉല്പാദിപ്പിക്കുവാൻ സാധിച്ചു.

LIBRARY ARCHIVES Kerala Legislative Assembly